# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാനജലഗതാഗത വകുപ്പിന്റെ ആലപ്പുഴ ജില്ലയിലെ ആസ്ഥാന കാര്യാലയത്തിലെ എൽ.ഡി. കാഷ്യർ ശ്രീമതി. കെ. കീർത്തിയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(സാധാ)നം. 193/2014/തസ്വഭവ തീയതി, തിരുവനന്തപുരം 22/01/2014

---

പരാമർശം: 1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013
2. ശ്രീമതി കെ കീർത്തിയുടെ 17.10.2013ലെ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 03.12.2013ലെ ഇ6-41470/2013 നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനജലഗതാഗതവകുപ്പിന്റെ ആലപ്പുഴ ജില്ലയിലെ ആസ്ഥാന കാര്യാലയത്തിലെ എൽ.ഡി. കാഷ്യർ ശ്രീമതി. കെ. കീർത്തി അന്തർവകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി. കെ. കീർത്തി ആസ്ഥാന ഒഴിവിൽ 28.03.2012 ൽ സംസ്ഥാനജലഗതാഗത വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ എൽ.ഡി. കാഷ്യർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സംസ്ഥാന ജലഗതാഗതവകുപ്പിന് മലപ്പുറം ജില്ലയിൽ ഓഫീസുകൾ ഇല്ലെന്നും അന്തർവകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് മലപ്പുറം ജില്ലയിൽ ഒരൊഴിവ് നിലവിലുള്ളതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനജലഗതാഗതവകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ എൽ.ഡി. കാഷ്യർ ശ്രീമതി. കെ. കീർത്തിയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. കെ. കീർത്തി പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സെൽവരാജൻ എസ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ജലഗതാഗതവകുപ്പ് ആസ്ഥാന കാര്യാലയം, ആലപ്പുഴ 688 011.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ശ്രീമതി. കെ കീർത്തി , എൽ.ഡി. കാഷ്യർ, സംസ്ഥാനജലഗതാഗതവകുപ്പ് ആസ്ഥാന കാര്യാലയം, ആലപ്പുഴ 688 011.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എൽ.ബി.എ &എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ